**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5192** **21-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെയും സംയോജനത്തിലൂടെ തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തരിശ് നിലങ്ങൾ ഒരുക്കുന്നതിന് എം. ജി. എൻ. ആർ. ഇ. ജി. എസ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി. കർഷകർ/കർഷക ഗ്രൂപ്പുകൾ എന്നിവരുടെ യോഗം ചേർന്ന് വിലയിരുത്തുകയും സബ്സിഡി ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്തു. ബഹു. കുറ്റ്യാടി എം.എൽ.എ. യുടെ നേതൃത്വത്തിൽ മണ്ഡലത്തിലെ തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുവാനുള്ള പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.** |
| (ബി) | 2021 ജൂൺ മാസം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിൽ കൃഷിയോഗ്യമാക്കിയ തരിശു നിലങ്ങളുടെ വിസ്തൃതി എത്രയെന്ന് കൃഷിയുടെ ഇനം സഹിതം വിശദമാക്കാമോ? | (ബി) | **തരിശ്ശ് നിലങ്ങൾ കൃഷിയോഗ്യമാക്കിയ സ്ഥലത്ത് നെല്ല്, പച്ചക്കറി എന്നീ വിളകൾ സീസൺ അനുസരിച്ച് മാറി മാറി ചെയ്തു വരുന്നു. 2021 ജൂൺ മാസം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിൽ കൃഷിയോഗ്യമാക്കി നെൽകൃഷി പച്ചക്കറി വിളകൾ എന്നിവ കൃഷി ചെയ്തിട്ടുള്ള തരിശു ഭൂമിയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.** |

| വർഷം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| 2020-21 | 0.223 |
| 2021-22 | 2.085 |
| 2022-23 | 8.842 |
| 2023-24 | 21.73 |
| 2024-25 | 27.1 |
| ആകെ | 59.98 |

| | | | |
|---|---|---|---|
| | | | **(കൃഷി വകുപ്പ് മുഖേനയുള്ള പദ്ധതികൾ-5.097 ഹെക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ മുഖേന – 54.073 ഹെക്ടർ)** |

സെക്ഷൻ ഓഫീസർ